**നമ്പർ: 192/2017**

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ആദ്ധ്യാത്മീക സംഘടനാ പ്രവർത്തകരും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ മാസം 3-ാം തീയതി ഞായറാഴ്ച മദ്ധ്യസ്ഥപ്രാർത്ഥനാ ദിനമായി ആചരിക്കുകയാണ്. വിവിധ തലങ്ങളിൽ ഏറെ സംഘർഷങ്ങൾ നിലനിൽക്കുന്ന ഇക്കാലത്ത് യഥാർത്ഥമായ നിർമ്മല ഭക്തിയിൽ ഊന്നിയ പ്രാർത്ഥനാ ജീവിതത്തിലൂടെ മാത്രമേ മനുഷ്യസമൂഹത്തിന് ദൈവീക സമാധാനം കരഗതമാക്കുവാൻ കഴിയുകയുള്ളൂ. ഇടവിടാതെയുള്ള ദൈവസംസർഗത്തിന്റെയും പ്രാർത്ഥനയുടെയും മാർഗ്ഗത്തിലൂടെ പിശാചിന്റെ പോരാട്ടങ്ങളെ അതിജീവിക്കുവാൻ ഈ മദ്ധ്യസ്ഥപ്രാർത്ഥനാദിനാചരണം ഉതകുന്നതിന് നാം പ്രാർത്ഥിക്കുന്നു. മദ്ധ്യസ്ഥ പ്രാർത്ഥനാ ദിനമായ സെപ്റ്റംബർ 3-ാം തീയതി ലോകമെങ്ങുമുള്ള പ. സഭയുടെ അഭ്യുന്നതിക്കുവേണ്ടിയും ബലഹീനനായ നമുക്കുവേണ്ടിയും നമ്മുടെ സഹോദരമെത്രാപ്പോലീത്തന്മാർക്കുവേണ്ടിയും വൈദികഗണത്തിനുവേണ്ടിയും വിശ്വാസികൾക്കുവേണ്ടിയും പ. സഭയുടെ അനുഗ്രഹപൂർണ്ണമായ ദൗത്യനിർവ്വഹണത്തിനുവേണ്ടിയും സൃഷ്ടി മുഴുവന്റെയും സമാധാനത്തിനും ദൈവോന്മുഖമായ വളർച്ചയ്ക്കുംവേണ്ടിയും നിങ്ങൾ ഏവരും പ്രാർത്ഥിക്കണം. അന്നേദിവസം എല്ലാ ഇടവകകളിലും പ്രാർത്ഥനായോഗങ്ങളുടെ ചുമതലയിൽ പ്രത്യേക യോഗം ക്രമീകരിച്ച് പ്രത്യേക മദ്ധ്യസ്ഥപ്രാർത്ഥന നടത്തണം. ആയതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം അയച്ചുതരുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 ജൂലൈ മാസം 26-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും